## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5086

22.05.2017 ൽ
മറുപടിയ്ക്ക്

## കാർഡമം ഹിൽ റിസർവ് സംരക്ഷിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇടുക്കിയിലെ കാർഡമം ഹിൽ റിസർവ് (സി.എച്ച്.ആർ) എത്ര ഏക്കർ ഭൂപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്; | (എ) 1897-ലെ വിളംബരം പ്രകാരം കാർഡമം ഹിൽസ് റിസർവ്വ് എന്ന് വിളിക്കപ്പെടുന്നതും ടി വിളംബരത്തിൽ പ്രത്യേകം അതിർത്തി നിശ്ചയിച്ചിട്ടുള്ളതുമായ പ്രദേശം 15720 ഏക്കറാണ്. എന്നാൽ 09.08.1958-ലെ ജി.ഒ.(എം.എസ്) 804/1958/റവ. പ്രകാരം വിസ്തീർണ്ണം 334 ചതുരശ്ര മൈലും പീരുമേട്, ഉടുമ്പൻചോല, ദേവികുളം എന്നീ താലൂക്കുകളിൽ കൂടി ഉൾപ്പെട്ടുവരുന്നതുമാണ്. |
| (ബി) പ്രസ്തുത ഭൂപ്രദേശം വനഭൂമിയായിട്ടോ റവന്യൂ ഭൂമിയായിട്ടോ നോട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) 11.08.1897-ൽ തിരുവിതാംകൂർ ഗസറ്റിൽ 1392- ാം നമ്പർ ആയി പ്രസിദ്ധപ്പെടുത്തിയ ഉത്തരവിൽ പറയുന്ന അതിർത്തിക്കുള്ളിലുള്ള ഏകദേശം 15720 ഏക്കർ ഭൂപ്രദേശം റിസർവ്വ് വനഭൂമിയായി കരുതാവുന്നതാണെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) ഈ ഭൂമി കാർഷികാവശ്യങ്ങൾക്ക് ആർക്കെങ്കിലും പാട്ടത്തിന് കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം; എത്ര ഏക്കർ/ഹെക്ടർ വീതമെന്നും വെളിപ്പെടുത്തുമോ; | (സി) ഇടുക്കി ജില്ലയിലെ പീരുമേട്, ഉടുമ്പൻചോല, ദേവികുളം, ഇടുക്കി എന്നീ താലൂക്കുകളിൽ ഏലം കൃഷിക്കായി 32000 ഏക്കർ ഭൂമി കൃഷിക്കാർക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നല്കുന്നതാണ്. |

(ഡി) സി.എച്ച്.ആർ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശമോണോ; എങ്കിൽ പ്രസ്തുത മേഖല സംരക്ഷിക്കുന്നതിനു വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകിരക്കാമോ?

(ഡി) അതെ. സി.എച്ച്.ആർ. ഭൂപ്രദേശവുമായി ബന്ധപ്പെട്ട് നിലവിലുള്ള പതിവ് /പാട്ട ചട്ടങ്ങൾ പ്രകാരവും ഭൂസംരക്ഷണ നിയമ പ്രകാരവും ടി ഭൂപ്രദേശം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Sindhya

സെക്ഷൻ ഓഫീസർ